LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധന തൊഴിലാളികളൾക്കുള്ള ഇൻഷ്വറൻസ്

148. [146] ശ്രീ. എ. കെ. മണി :
" സി. പി. മുഹമ്മദ് :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിന്റെ ആനുകൂല്യം എത്ര മത്സ്യത്തൊഴിലാളികൾക്ക് കിട്ടുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇൻഷ്വറൻസ് പരിരക്ഷ ഇപ്പോൾ തന്നെ നിലവിലുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായവർക്ക് സൗജന്യമായി സർക്കാർ ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി അപകടത്തിൽ മരിച്ചാൽ ഈ പദ്ധതി പ്രകാരം അവകാശികൾക്ക് ഒരു ലക്ഷം രൂപ ലഭിക്കും.

ഈ പദ്ധതി കൂടാതെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗമായവർക്ക് വാർഷിക പ്രീമിയം 54.65 രൂപ അടച്ച് മത്സ്യഫെഡ് മുഖേന നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാവുന്നതാണ്. അപകടമരണത്തിനിരയാകുന്നവരുടെ അവകാശികൾക്ക് ഈ പദ്ധതി പ്രകാരം ഒന്നര ലക്ഷം രൂപ ലഭിക്കും.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസിന്റെ പ്രയോജനം 277089 പേർക്ക് ലഭ്യമാണ്.

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽനിന്നുള്ള ധനസഹായം

147. [147] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമനിധിയിൽ നിന്ന് എത്ര രൂപയുടെ ആനുകൂല്യങ്ങൾക്കുള്ള എത്ര അപേക്ഷകൾ ഇപ്പോൾ കെട്ടിക്കിടപ്പുണ്ട്;

(ബി) ക്ഷേമനിധിയിൽ നിന്നും ഏതെല്ലാം സ്കീം പ്രകാരം എത്ര പേർ സഹായത്തിനായി അപേക്ഷിച്ചിട്ടുണ്ട്; ഏതെല്ലാം സ്കീം പ്രകാരമുള്ള സഹായങ്ങൾ എത്ര മാസമായി മുടങ്ങിയിട്ടുണ്ട്;

(സി) മത്സ്യബന്ധനത്തിനിടയിൽ കടലിൽ മരണപ്പെട്ടവർക്കുള്ള ഇൻഷ്വറൻസ് തുക എത്ര കേസുകളിൽ ഇനിയും നൽകുവാനുണ്ട്; അപകട മരണം സംഭവിച്ചാൽ എത്ര ദിവസത്തിനകം ഇൻഷ്വറൻസ് തുക നൽകണമെന്നാണ് വ്യവസ്ഥ;

(ഡി) മാരകരോഗചികിത്സാ പദ്ധതി പ്രകാരമുള്ള ചികിത്സാ ചെലവ് ലഭിക്കുന്നതിനുവേണ്ടി ഇനിയും എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ട്;

(ഇ) ഉപരിപഠന സഹായത്തിനുള്ള അപേക്ഷകളിൽ ഇനിയും എത്രയെണ്ണം തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്ന 17 ക്ഷേമപദ്ധതികളിലായി 6497 അപേക്ഷകൾക്കായി 315.45 ലക്ഷം രൂപയുടെ ആനുകൂല്യവും, അനുബന്ധത്തൊഴിലാളികൾക്കുള്ള 8 ക്ഷേമ പദ്ധതികളിൽ 149 അപേക്ഷകൾക്കായി 14.61 ലക്ഷം രൂപയുടെ ആനുകൂല്യങ്ങളും നൽകുവാനുണ്ട്.

(ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) മത്സ്യബന്ധനത്തിലുൾപ്പെടെ വിവിധ കാരണങ്ങളാൽ അപകടമരണം, കാണാതാകൽ എന്നീ ഇനത്തിൽ 167 പേരുടെ ഇൻഷ്വറൻസ് തുക നൽകുവാനുണ്ട്. ഇതിൽ കടലിൽ വച്ച് അപകടത്തിൽ മരണപ്പെട്ടവർ 57 പേരാണ്. അപകട മരണം സംഭവിച്ച് 15 ദിവസത്തിനകം ബന്ധപ്പെട്ട എല്ലാ രേഖകളും ഇൻഷ്വറൻസ് വകുപ്പിന് സമർപ്പിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ അനുവദിച്ച് ബോർഡിൽ ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഡി) മാരക രോഗ ചികിത്സാ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളിൽ നിന്ന് 200 അപേക്ഷകളും അനുബന്ധത്തൊഴിലാളികളിൽ നിന്ന് 37 അപേക്ഷകളും തീർപ്പ് കല്പിച്ച് ധനസഹായം അനുവദിക്കാനുണ്ട്.

(ഇ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനുള്ള അപേക്ഷകളൊന്നുംതന്നെ ഇനിയും തീർപ്പ് കൽപ്പിക്കുവാനില്ല. മുൻവർഷങ്ങളിൽ കൊടുത്തു തീർക്കാനുണ്ടായിരുന്ന എല്ലാ അപേക്ഷകൾക്കും ഈ വർഷം അനുവദിച്ച 3.5 കോടി രൂപയിൽനിന്ന് 2.3 കോടി രൂപ ഉപയോഗിച്ച് കൊടുത്തു തീർത്തു. ഈ വർഷത്തെ അപേക്ഷകൾ പരിഗണിക്കുന്നതിനായി 1.2 കോടി രൂപ ജില്ലാ ഓഫീസർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

---

† അനുബന്ധം XXIV, XXIVഎ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XXIV

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 147 (147) ദയവായി കാണുക]

മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ലഭിച്ച അപേക്ഷകൾ	അനുവദിച്ചത്	നിരസിച്ചത്	തീർപ്പാക്കുന്നതിനുള്ളവ	തുക ലക്ഷത്തിൽ	മുടങ്ങിയ മാസം/എണ്ണം
1	ഗ്രൂപ്പ് ഇൻഷുറൻസ്	438	219	52	167	184.00	ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള അപേക്ഷകളിൽ ഒന്ന് 1999-ലെയും 3 അപേക്ഷകൾ 2001-ലേയും 75 അപേക്ഷകൾ 2004-ലെയും 71 അപേക്ഷകൾ 2006-ലേയുമാണ്.
	എ. അപകടത്തെത്തുടർന്ന് ആശുപത്രി ചികിത്സാ ധനസഹായം	540	155	35	350	7.00	
2	വിവാഹ ധനസഹായ പദ്ധതി	6091	1681	160	4250	63.75	വിവാഹ ധനസഹായത്തിനുള്ള അപേക്ഷകളിൽ 2004-05-ലേയും 2371 അപേക്ഷകളാണ്.
3	മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെയുള്ള മരണം	84	62	16	6	1.20	ഈ പദ്ധതികളിലെ അപേക്ഷകൾ 2005-06 വർഷത്തിലേതാണ്.
4	ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം	1445	1248	14	183	1.10	
5	വാർദ്ധക്യകാല പെൻഷൻ	3731	3564	170			
6	താൽക്കാലിക അവശതക്ക് ആശ്വാസ ധനസഹായം	1752	1463	31	258	1.26	
7	മത്സ്യത്തൊഴിലാളിയുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം	1284	851	48	385	19.25	

LIBRARY ARCHIVES Kerala Legislative Assembly

8	എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് കാഷ് അവാർഡ്	31	31				
9	കുടുംബ സംവിധാന പദ്ധതി	1268	987	30	251	1.25	
10	മാരകരോഗ ചികിത്സാ പദ്ധതി	519	203	116	200	50.00	ഈ പദ്ധതികളിലെ അപേക്ഷകൾ 2005-06 വർഷത്തിലേതാണ്.
11	ചെയർമാൻസ് റിലീഫ് ഫണ്ട്	103	103				
12	പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായം	1483	1186	45	252	1.89	
13	ഗൈഡൻസ് സെന്റർ						
14	ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി	32	32				
15	ശ്രേഷ്ഠ മത്സ്യത്തൊഴിലാളി പുരസ്ക്കാരം						
16	ബോധവൽക്കരണ പരിപാടി						
17	മരിച്ച മത്സ്യത്തൊഴിലാളി കളുടെ ഭാര്യമാർക്ക് പെൻഷൻ	1261	965	101	75	4.75	
	ആകെ	20062	12747	818	8497	315.45	

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XXIV-A

അനുബന്ധത്തൊഴിലാളി ക്ഷേമ പദ്ധതി

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ലഭിച്ച അപേക്ഷകൾ	അനുവദിച്ചത്	നിരസിച്ചത്	തീർപ്പാക്കാനുള്ളവ	തുക ലക്ഷത്തിൽ	മുടങ്ങിയ മാസം/എണ്ണം
1	വാർദ്ധക്യകാല പെൻഷൻ	993	919	27	47	0.45	ഈ അപേക്ഷകൾ 2005-06 വർഷത്തിലേതാണ്.
2	ഗ്രൂപ്പ് ഇൻഷുറൻസ്	14	7	..	7	7.00	
	എ. അപകടത്തെത്തുടർന്ന് ആശുപത്രി ചികിത്സാ ധനസഹായം	25	21	..	1	0.01	
3	പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായം	86	86	..	..	..	
4	മത്സ്യത്തൊഴിലാളിയുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം	129	93	13	13	1.15	
5	എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് കാഷ് അവാർഡ്	26	26	..	..	..	
6	രോഗചികിത്സാ പദ്ധതി	117	54	16	37	5.55	
7	പെൺമക്കളുടെ വിവാഹത്തിന് ധനസഹായം	227	170	30	27	0.41	
8	കുടുംബ സംവിധാന പദ്ധതി	29	22	..	7	0.04	
	ആകെ	1646	1403	89	149	14.81	